**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 251** **01-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ വകുപ്പിൽ ഫയലുകൾ തീർപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ഓഫീസുകളിൽ ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | (എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ഓഫീസുകളിൽ ഫയലുകൾ തീർപ്പാക്കുന്നതിനായി 2021, 2022 കാലഘട്ടത്തിൽ ഫയൽ അദാലത്ത് സംഘടിപ്പിച്ചിരുന്നു. അക്കാദമിക വിഷയങ്ങൾ, പരീക്ഷാസംബന്ധിയായവയും വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട ഫയലുകളും ദീർഘകാലത്തേക്ക് നീണ്ട് നിന്ന് കാലതാമസം സൃഷ്ടിക്കാറില്ല. എന്നാൽ നിയമനം, എയ്ഡഡ് മാനേജ്മെന്റുകളുമായി ബന്ധപ്പെട്ട അവകാശതർക്കങ്ങൾ, ശമ്പളവും മറ്റാനുകൂല്യങ്ങളും സംബന്ധിച്ച ഫയലുകൾ എന്നിവ ചില സാഹചര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് പലതലങ്ങളിലുള്ള ഭരണപരമായ തീരുമാനങ്ങളും, ചിലഘട്ടങ്ങളിൽ കോടതി ഇടപെടലുകളും ആവശ്യമാകാറുണ്ട്. ഇത്തരം ഫയലുകളാണ് തീർപ്പാക്കുന്നതിന് ദീർഘകാലം കാത്തിരിക്കേണ്ട സാഹചര്യമുണ്ടാകുന്നത്. ഫയൽ അദാലത്തുകൾ സമയബന്ധിതമായി സെക്ഷനുകളിൽ നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും. ആയത്പ്രകാരം എല്ലാ സെക്ഷനുകളിലും ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുകയും ഉണ്ടായി. കൂടാതെ മേഖലാ കാര്യാലയങ്ങളിലെ ഫയൽ അദാലത്തുകൾ നടത്തുന്നതിനായി പ്രത്യേകം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ഫയൽ അദാലത്തുകൾ നടത്തുകയും ചെയ്തു. ഇതിൻ പ്രകാരം സർക്കാർതലത്തിൽ നിലനിന്നിരുന്ന ഫയലുകൾ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് ഒരു task force രൂപീകരിക്കുകയും ഫയലുകൾ ബഹുഭൂരിപക്ഷവും തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി ഉള്ള ഫയലുകൾ പ്രധാനമായും കോടതി നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടുള്ളവയും എയ്ഡഡ് സ്കൂളുകളിലെ നിയമന നടപടികളിൽ |

| | | | |
|---|---|---|---|
| | | | ഭിന്നശേഷി നിയമന നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടവയുമാണ്. പൊതുജനങ്ങൾക്ക് അവരുമായി ബന്ധപ്പെട്ട ഫയലുകളുടെ തൽസ്ഥിതി ടെലിഫോൺ മുഖാന്തിരവും നേരിട്ടും അറിയുന്നതിന് ഓരോ ഓഫീസിലും ഒരു front Office സംവിധാനവും ലാൻഡ് ഫോണും ഉറപ്പാക്കിയിട്ടുണ്ട്. 2022-23 വർഷത്തിൽ ഒന്നിലധികം തവണ വൊക്കേഷണൽ ഹയർ സെക്കന്ററി (VHSE) വിഭാഗത്തിലെ ഓഫീസുകൾ ഞായറാഴ്ചകളിൽ പ്രത്യേകമായി ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ ഭാഗമായി പ്രവർത്തിക്കുകയും പരിഗണനാർഹമായ എണ്ണം ഫയലുകൾ തീർപ്പാക്കുകയും ചെയ്തു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ബഹു.കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസുകൾ തീർപ്പാക്കുന്നതു സംബന്ധിച്ച് ബഹു. അഡ്വക്കേറ്റ് ജനറൽ സീനിയർ ഗവൺമെന്റ് പ്ലീഡർമാർ, ഗവൺമെന്റ് പ്ലീഡർമാർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഉന്നത ഉദ്യോഗസ്ഥർ എന്നിവർ യോഗം ചേരുകയും കോടതി കേസുകളുമായി ബന്ധപ്പെട്ട ഫയലുകളുടെ സമയബന്ധിതമായ തീർപ്പാക്കൽ സംബന്ധിച്ച തീരുമാനങ്ങൾ കൈകൊള്ളുകയും ചെയ്തു. |
| (ബി) | ആറ് മാസത്തിൽ ഒരിക്കലെങ്കിലും അദാലത്തുകൾ നടത്തി ഫയലുകൾ തീർപ്പ് കല്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | (ബി) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ഓഫീസുകളിൽ ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് 2021, 2022 വർഷങ്ങളിൽ സംഘടിപ്പിച്ചതുപോലെ വരും വർഷങ്ങളിലും ഫയൽ അദാലത്തുകൾ സംഘടിപ്പിച്ച് ഫയൽ തീർപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ